## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2498 | 17.08.2017 -ലെ മറുപടിക്ക്.

# ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക

ചോദ്യം | മറുപടി

**ശ്രീ. ജോൺ ഫെർണാണ്ടസ്:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;<br><br>**(ബി)** തൊഴിലാളികളുടെ കഷ്ടപ്പാടുകൾ കണക്കിലെടുത്ത് പ്രസ്തുത തുക അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം അടച്ച തുക തിരികെ നൽകേണ്ട അപേക്ഷകളിന്മേൽ ബോർഡുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2010 മുതൽ അതിവർഷ ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ബോർഡ് സാമ്പത്തികമായി പ്രതിസന്ധി നേരിടുന്നതിനാലാണ് ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിടുന്നത്. കൃത്യമായി രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പത്തിക ഭദ്രതയുള്ള ക്ഷേമ നിധി ബോർഡുകൾ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ കൃത്യമായി നൽകി വരുന്നുണ്ട്. അല്ലാത്തവ സർക്കാർ സഹായത്തോടെയും ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |
| **(സി)** ശ്രീ.ടി.വി.ലോനൻ, ശ്രീ.പങ്കജാക്ഷൻ, ശ്രീ.ഭഗവൽ സിംഗ് എന്നീ തൊഴിലാളികൾ തുക തിരികെ ലഭിക്കുന്നതിനായി 16.5.2017 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;<br><br>**(ഡി)** ഇവർക്ക് തുക എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) | ശ്രീ.ടി.വി.ലോനൻ, ശ്രീ.പങ്കജാക്ഷൻ, ശ്രീ.ഭഗവൽ സിംഗ് എന്നീ തൊഴിലാളികൾ 16/05/2017-ൽ സമർപ്പിച്ചതായി പറയുന്ന അപേക്ഷ ബന്ധപ്പെട്ട ബോർഡുകളിൽ ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇവരിൽ ടി.വി. ലോനൻ ഒഴികെയുള്ളവർ മുൻപ് സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ശ്രീ. ലോറൻസ്.പി.മെൻഡസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ വ്യവസായ സ്ഥാപനത്തിൽ 1988-90 കാലയളവിൽ കണ്ടക്ടർ ആയി ജോലി ചെയ്തിരുന്ന തൊഴിലാളിയായിരുന്ന ശ്രീ. കെ.വി. ഭഗവൽസിംഗ്. ടിയാൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എറണാകുളം ജില്ലാ ആഫീസിൽ റീഫണ്ടിനായി 19/08/2016 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ടി കാലയളവിലേയ്ക്ക് ക്ഷേമനിധി നിർണ്ണയിച്ച് ബോർഡിന്റെ എറണാകുളം ജില്ലാ ആഫീസിൽ നിന്നും 31/08/92 തീയതിയിലെ ബി1-153/86 നമ്പർ ഫയൽ പ്രകാരം (1987-90 കാലയളവിലേയ്ക്ക്) 46, 659/- രൂപയുടെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് റവന്യൂ റിക്കവറി നടപടികളും പൂർത്തിയാക്കിയിരുന്നതാണ്. എന്നാൽ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ അന്തിമ ഉത്തരവിന് എതിരെ ഉടമ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്യുകയും 11/08/2006 തീയതിയിലെ G.O.(Rt) N0. 1941/06/LBR പ്രകാരം അപ്പീൽ തള്ളിക്കളഞ്ഞു ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിന് എതിരെ ഉടമ ലോകായുക്ത മുമ്പാകെ പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതി 11/09/2007 തീയതിയിലെ 194/07 നമ്പർ ഉത്തരവിൻ പ്രകാരം തള്ളിക്കളഞ്ഞ് തീർപ്പാക്കിയിട്ടുള്ളതുമാണ്. ലോകായുക്ത പരാതി തള്ളിയതിനെ തുടർന്ന് 22/04/2008 തീയതിയിൽ കൊച്ചി താലൂക്കാഫീസിലേയ്ക്ക് കുടിശ്ശിക ഈടാക്കുന്നതിന് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കത്ത് നൽകിയിട്ടുള്ളതും വാഹനയുടമ കണയന്നൂർ താലൂക്കിലാണ് അപ്പോൾ താമസമെന്നതിനാൽ 26/05/2008 ൽ റിക്വിസിഷൻ കണയന്നൂർ താലൂക്കിലേയ്ക്ക് അയച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ കുടിശ്ശിക തുക ഈടാക്കിയതായി കാണാത്തതിനാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക ഈടാക്കുന്നതിന് സർക്കാർ അനുവാദം നൽകിയതിനെ തുടർന്ന് പ്രസ്തുത തുക ഈടാക്കുന്നതിനായി 26/05/2014, 23/09/2014 , 26/01/2017, 18/07/2017 എന്നീ തീയതികളിൽ കണയന്നൂർ തഹസീൽദാർക്ക്

കത്ത് നൽകിയിട്ടുണ്ട്. എന്നാൽ യാതൊരു തുകയും അടവുവരുത്തിയതായി കാണുന്നില്ല. താലൂക്ക് ആഫീസുമായി ബന്ധപ്പെട്ട് തുക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ടിയാന്റെ റീഫണ്ട് അപേക്ഷയിന്മേൽ തീർപ്പ് കൽപിക്കുന്നതാണ്.

എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി റേഞ്ചിലെ കള്ള് വ്യവസായ തൊഴിലാളിയായിരുന്ന ശ്രീ. പങ്കജാക്ഷൻ 18/06/2012-ൽ അനാരോഗ്യം മൂലം പിരിഞ്ഞ തൊഴിലാളിയാണ്. കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും ടിയാന്റെ പി.എഫ്. തുക പലിശ സഹിതം നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ചിട്ടുള്ള 23/07/2012 – ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ മാസം തന്നെ പെൻഷൻ ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ